# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/14/2020-EB(1) തിരുവനന്തപുരം, തീയതി, 29.05.2020

website: www.cooperation.kerala.gov.in

e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം -31.05.2020 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്ന അഡീഷണൽ രജിസ്ട്രാർ/ അഡീഷണൽ ഡയറക്ടർമാർ വഹിച്ച് വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനുള്ള നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സഹകരണ വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന താഴെ പറയുന്ന ഉദ്യോഗസ്ഥർ 31.05.2020-ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. ടി ഉദ്യോഗസ്ഥരെ 31.05.2020 അപരാഹ്നം സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് അനുവദിച്ചുകൊണ്ടും, ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല ടിയാളുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന ആഫീസർക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. COVID-19-ന്റെ പശ്ചാത്തലത്തിൽ സർക്കാരും, പ്രാദേശിക ഭരണ സ്ഥാപനങ്ങളും പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരണമായുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് വിരമിക്കലിനെ തുടർന്നുള്ള ചുമതലകൈമാറ്റം ക്രമീകരിക്കേണ്ടതാണ്.

| ക്രമ നം. | സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റി നൽകേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ശ്രീ.പി.എസ്.മനോജ്, അഡീഷണൽ രജിസ്ട്രാർ (ജനറൽ), സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം | അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം |
| 2 | ശ്രീമതി. എം.എസ്.സുധാദേവി, അഡീഷണൽ ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം | അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ), സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം |
| 3 | ശ്രീമതി.റ്റി.ആർ.സുധ, അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം | അഡീഷണൽ രജിസ്ട്രാർ (പ്ലാനിംഗ് & ഐ.സി.ഡി.പി), സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം |
| 4 | ശ്രീ.റ്റി.പത്മകുമാർ. അഡീഷണൽ രജിസ്ട്രാർ | വിരമിക്കുന്നതിന് മുന്നോടിയായി അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ ചുമതല കൈമാറിയിട്ടുണ്ട് |

| | | |
|---|---|---|
| 5 | ശ്രീ. വി.ബി.കൃഷ്ണകുമാർ,<br>അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം | അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ),<br>സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം |
| 6 | ശ്രീ.കെ.വി.പ്രശോഭൻ,<br>അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം | അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്),<br>സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം |

ടി ഉദ്യോഗസ്ഥ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ/കളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ടി ഉദ്യോഗസ്ഥ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് യഥാസമയം അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
എ.അലക്സാണ്ടർ ഐ.എ.എസ്.,
സഹകരണ സംഘം രജിസ്ട്രാർ

വ്യക്തിക്ക്:
പകർപ്പ്:
1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
5) വൈസ് ചെയർമാൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം
6) ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം
7) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)